പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 192

# 2008-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 192

# 2008-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബിൽ

459/2008.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 192

# 2008-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബിൽ

1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ്, ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിഒൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2008-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിലെ (1980-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ,—

(എ) (ജി) ഖണ്ഡത്തിൽ "അഥവാ അങ്ങനെയുള്ള സ്ഥാപനത്തിൽ അവരെ പണിക്കേർപ്പെടുത്തുന്ന ആവശ്യത്തിനുവേണ്ടി വ്യക്തികളായോ അഥവാ സംഘങ്ങളായോ ചുമട്ടുതൊഴിലാളികളെ എത്തിച്ചുകൊടുക്കുകയോ ചെയ്യുന്നത് ആ വ്യക്തി എന്നർത്ഥമാകുന്നതും അതിൽ ഒരു സബ്കോൺട്രാക്ടറും ഒരു ദല്ലാളും ഉൾപ്പെടുന്നതുമാകുന്നു" എന്ന വാക്കുകൾക്ക് പകരം, "അഥവാ അങ്ങനെയുള്ള സ്ഥാപനത്തിൽ അവരെ പണിക്കേർപ്പെടുത്തുന്ന ആവശ്യത്തിനുവേണ്ടി വ്യക്തികളായി ചുമട്ടുതൊഴിലാളികളെ എത്തിച്ചുകൊടുക്കുകയോ ചെയ്യുന്നത് ആ വ്യക്തി എന്ന് അർത്ഥമാകുന്നതും അതിൽ ഒരു സബ്കോൺട്രാക്ടറും, ഒരു ദല്ലാളും, ഒരു ക്ലിയറിങ്ങും ഫോർവാഡിങ്ങും ചെയ്യുന്ന ഏജന്റും അല്ലെങ്കിൽ ചരക്കുകൾ കയറ്റി ഒരു വാഹനത്തിന്റെ ഉടമസ്ഥനും ഉൾപ്പെടുന്നതുമാകുന്നു" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) (i)-ാം ഖണ്ഡത്തിൽ,—

(1) (i)-ാം ഉപഖണ്ഡത്തിൽ ഏർപ്പെടുത്തിയ ഒരു ചുമട്ടുതൊഴിലാളിയെ എന്ന വാക്കുകൾക്കുപകരം, നിയോഗിച്ച അല്ലെങ്കിൽ ഏർപ്പെടുത്തിയ ഒരു ചുമട്ടുതൊഴിലാളിയെ എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

459/2008.

(2) (ii)-ാം ഉപഖണ്ഡത്തിൽ "ഏർപ്പെടുത്താത്ത" എന്ന വാക്കുകൾക്കു പകരം, നിയോഗിക്കാത്ത അല്ലെങ്കിൽ ഏർപ്പെടുത്താത്ത എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(3) (ii)-ാം ഉപഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന "വിശദീകരണം" കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"വിശദീകരണം.—ഈ ഉപഖണ്ഡത്തിന്റെ ആവശ്യത്തിലേക്കായി 'ഒരു ചുമട്ടു തൊഴിലാളി' എന്നാൽ പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും തൊഴിലുടമയോ കരാറുകാരൻ മുഖേനയോ കമ്മിറ്റിയാൽ വേതനം നൽകപ്പെടുന്ന ഒരാൾ എന്നർത്ഥമാകുന്നു. ";

(സി) (എം) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(എം) "ചുമട്ടുതൊഴിലാളി" എന്നാൽ ഒരു സ്ഥാപനത്തിലോ സ്ഥാപനത്തിനുവേണ്ടിയോ വേതനത്തിനോ അല്ലാതെയോ ഒരു വാഹനത്തിലോ വാഹനത്തിൽ നിന്നോ വാഹനത്തിലേക്കോ അഥവാ അങ്ങനെയുള്ള സ്ഥാപനത്തിലെ ഏതെങ്കിലും സ്ഥലത്തോ സ്ഥലത്തുനിന്നോ സ്ഥലത്തേക്കോ അല്ലെങ്കിൽ ഒരു വാഹനത്തിൽ സാധനങ്ങൾ അട്ടിഅടുക്കുന്നതിനോ അല്ലെങ്കിൽ യന്ത്രശക്തിയാൽ ചലിപ്പിക്കുന്ന വാഹനത്തിൽ നിന്നും ചരിച്ചിറക്കുന്നതിനോ ഏതെങ്കിലും സാധനമോ സാധനങ്ങളോ കയറ്റുകയോ ഇറക്കുകയോ അഥവാ തലച്ചുമടായോ ശരീരം കൊണ്ടോ, ട്രോളി ഉപയോഗിച്ചോ കൊണ്ടു പോകുയോ ചെയ്യുന്നതിനായി നേരിട്ടോ ഒരു കോൺട്രാക്ടർ മുഖേനയോ ജോലിക്ക് നിയമിച്ച അല്ലെങ്കിൽ ഏർപ്പെടുത്തിയ ആൾ എന്നർത്ഥമാകുന്നതും ഏതെങ്കിലും തൊഴിലുടമയോ കോൺട്രാക്ടറോ നിയമിക്കാത്തതും എന്നാൽ ഏതെങ്കിലും സാധനമോ സാധനങ്ങളോ കയറ്റുകയോ ഇറക്കുകയോ അഥവാ തലച്ചുമടായോ ശരീരം കൊണ്ടോ ട്രോളി ഉപയോഗിച്ചോ കൊണ്ടുപോകുന്നതിന് വേതനത്തിനായി, ഒരു വാഹനത്തിലോ വാഹനത്തിൽ നിന്നോ വാഹനത്തിലേക്കോ അഥവാ അങ്ങനെയുള്ള സ്ഥാപനത്തിലെ ഏതെങ്കിലും സ്ഥലത്തോ സ്ഥലത്തുനിന്നോ സ്ഥലത്തേക്കോ അല്ലെങ്കിൽ ഒരു വാഹനത്തിൽ സാധനങ്ങൾ അട്ടിഅടുക്കുന്നതിനോ അല്ലെങ്കിൽ യന്ത്രശക്തിയാൽ ചലിപ്പിക്കുന്ന വാഹനത്തിൽ നിന്നും ചരിച്ചിറക്കുന്നതിനോ ഏർപ്പെടുത്തിയിട്ടുള്ളതുമായ ഒരാൾ ഉൾപ്പെടുന്നതും എന്നാൽ അതിൽ വീട്ടാവശ്യത്തിനായി ഒരു വ്യക്തി ഏർപ്പെടുത്തുന്ന ഒരാൾ ഉൾപ്പെടുന്നതല്ലാതുമാകുന്നു.

വിശദീകരണം.— ഈ ഖണ്ഡത്തിന്റെ ആവശ്യത്തിലാക്കായി, "വീട്ടാവശ്യത്തിനായി ഒരു വ്യക്തി ഏർപ്പെടുത്തുന്ന ഒരാൾ" എന്നാൽ ഒരു വ്യക്തി,—

(i) വീട്ടുപയോഗത്തിനുവേണ്ടിയുള്ള ഫർണ്ണിച്ചറുകളുടെയും വ്യക്തിപരമായ സാധനങ്ങളുടെയും മറ്റു വീട്ടുസാധനങ്ങളുടെയും പരിവഹണം ഉൾപ്പെടെയുള്ള സ്ഥലം മാറ്റം ചെയ്യുന്നതിനും ; അല്ലെങ്കിൽ

(ii) മതപരമോ അല്ലെങ്കിൽ സാമൂഹികമോ അല്ലെങ്കിൽ പൊതുചടങ്ങുകളുമായോ ബന്ധപ്പെട്ട ജോലി ഉൾപ്പെടെ ഒരാൾ താമസിക്കുന്ന വീട്ടിലെ സാധനങ്ങൾ സ്ഥലം മാറ്റുന്നതുമായി ബന്ധപ്പെട്ട ജോലി ചെയ്യുന്നതിനും ; അല്ലെങ്കിൽ

(iii) വ്യക്തിപരാമയ ഉപയോഗത്തിന് വേണ്ടി മരങ്ങളും തടിയും മുറിയ്ക്കുന്നതിനും നീക്കം ചെയ്യുന്നതിനും സ്ഥലം മാറ്റുന്നതിനും പരിവഹണം ചെയ്യുന്നതിനും ; അല്ലെങ്കിൽ

(iv) 100 ച.മീറ്റർ പ്ലിന്ത് ഏരിയായിൽ കൂടാത്തതും, 10 ലക്ഷം രൂപയിൽ കവിയാത്ത ചെലവുവരുന്നതുമായ വീട് നിർമ്മിക്കുന്നതിനോ നന്നാക്കുന്നതിനോ അല്ലെങ്കിൽ സംരക്ഷിക്കുന്നതിനോ വ്യാപാരത്തിന്റെ ആവശ്യത്തിനല്ലാതെ, വ്യക്തിപരമായ ഉപയോഗത്തിനുള്ള നിർമ്മാണ സാമഗ്രികൾ, ഉപകരണങ്ങൾ അല്ലെങ്കിൽ യന്ത്രങ്ങൾ ഉൾപ്പെടെ അവ സ്ഥലംമാറ്റം ചെയ്യുന്നതിനും പരിവഹണം ചെയ്യുന്നതിനും ; അല്ലെങ്കിൽ

(v) ഒരാളിന്റെ പഴയ കെട്ടിട സാമഗ്രികളും അല്ലെങ്കിൽ ഉപകരണങ്ങളും, വ്യാവസായികപരമോ അല്ലെങ്കിൽ വാണിജ്യപരമോ ആയ ആവശ്യത്തിനല്ലാതെ, അവയുടെ പരിവഹണവും ഉൾപ്പെടെ, അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത വിലവരുന്നവയുമായവ പൊളിച്ചുമാറ്റുന്നതിനും, ഇടിച്ചുകളയുന്നതിനും, സ്ഥലമാറ്റം ചെയ്യുന്നതിനും ; അല്ലെങ്കിൽ

(vi) വ്യക്തിപരമായ ആവശ്യത്തിന് വേണ്ടി മൃഗങ്ങളെ സ്ഥലംമാറ്റുന്നതിനും പരിവഹണം ചെയ്യുന്നതിനും ; അല്ലെങ്കിൽ

(vii) ഒരാളിന്റെ, പുരയിടമാണെങ്കിൽ ഒരു ഹെക്ടറിൽ കവിയാത്തതും നിലമാണെങ്കിൽ രണ്ട് ഹെക്ടറിൽ കവിയാത്തതും, അതതുസംഗതിപോലെ, വസ്തുവിൽ കൃഷി പ്രവർത്തികൾ ചെയ്യുന്നതുമായി ബന്ധപ്പെട്ട കൃഷി ഉപകരണങ്ങൾ, കൃഷി യന്ത്രങ്ങൾ, അസംസ്കൃത വസ്തുക്കൾ, മറ്റു വസ്തുക്കൾ ഉൾപ്പെടെയുള്ളവ സ്ഥലം മാറ്റം ചെയ്യുന്നതിനും പരിവഹണം ചെയ്യുന്നതിനും ; അല്ലെങ്കിൽ

(viii) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി ഒരു വീട്ടാവശ്യത്തിനാണെന്ന് വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റു തൊഴിലോ അല്ലെങ്കിൽ പ്രവർത്തനമോ അല്ലെങ്കിൽ പ്രക്രിയ ചെയ്യുന്നതിനും, ഏർപ്പെടുത്തുന്ന ഒരാൾ എന്നർത്ഥമാകുന്നു.

3. 9-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിൽ, താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്.—

"എന്നാൽ ഓരോ ചുമട്ടുതൊഴിലാളിയും കൂലിയായി സ്വീകരിച്ച തുകയുടെ ടോക്കണായി ഒപ്പിട്ട ഒരു രസീത് തൊഴിലുടമയ്ക്ക് നൽകേണ്ടതാണ്.".

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2002-ലെ കേരള കയറ്റിറക്ക് (കൂലി ക്രമപ്പെടുത്തലും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) ആക്റ്റ് (2002-ലെ 10) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽതന്നെയും, 1125-ലെ കേരള വ്യാഖ്യാനവും സാമാന്യ ഖണ്ഡങ്ങളും ആക്റ്റിലെ (1125-ലെ VII-ാം ആക്റ്റ്) 4-ാം വകുപ്പിലെ വ്യവസ്ഥകൾ, 2002-ലെ കേരള കയറ്റിറക്ക് (കൂലി ക്രമപ്പെടുത്തലും നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) ആക്റ്റ് പ്രകാരമുള്ള റദ്ദാക്കൽ സംബന്ധിച്ച് ബാധകമായിരിക്കുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

വേതനം ക്രമപ്പെടുത്തുക എന്ന ഉദ്ദേശത്തോടുകൂടിയും ചരക്കുകളും സാമഗ്രികളും കയറ്റുന്നതും ഇറക്കുന്നതും പരിവഹണം ചെയ്യുന്നതും ആയി ബന്ധപ്പെട്ട നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി സംസ്ഥാന നിയമസഭ 2002-ലെ കേരള കയറ്റിറക്ക് (കൂലി ക്രമപ്പെടുത്തലും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) ആക്റ്റിന്റെ നിയനിർമ്മാണം നടത്തി. അതിലെ 5-ാം വകുപ്പുപ്രകാരം, ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനംവഴി, ഏതെങ്കിലും വ്യാവസായിക പാർക്ക്, കയറ്റുമതി സംസ്ക്കരണ മേഖല, വ്യാസായികം അല്ലെങ്കിൽ വാണിജ്യ പ്രദേശം, വിനോദ സാഞ്ചാര പദ്ധതി പ്രദേശം, കാർഷിക ചന്ത എന്നിവയായി കാലാകാലങ്ങളിൽ സർക്കാർ അങ്ങനെ പ്രഖ്യാപിക്കുന്നിടത്ത് ഗാർഹികകേതര ആവശ്യങ്ങൾക്കായി തൊഴിലുടമയ്ക്ക് സ്വയമോ അല്ലെങ്കിൽ അയാളുടെ ഇച്ഛാനുസര ണമോ തൊഴിലാളികളെ കയറ്റുകയോ ഇറക്കുകയോ ചെയ്യുന്ന ജോലിക്ക് നിയോഗിക്കു ന്നതിനുള്ള അവകാശം ഉണ്ട്. അത്തരം വിജ്ഞാപിത പ്രദേശങ്ങളിൽ 1978-ലെ കേരള ചുമട്ടു തൊഴിലാളി ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ലാത്തതാണ്. ആയതിനാൽ കയറ്റുകയോ ഇറക്കുകയോ ചെയ്യുന്ന ജോലിക്ക് തൊഴിലുടകൾക്ക് അവരുടെ ഇച്ഛാനുസരണമുള്ള തൊഴിലാളികളെ നിയോഗിക്കാവുന്നതാണ്. ഇത് ആ പ്രദേശങ്ങളിൽ കയറ്റുകയോ ഇറക്കുകയോ ചെയ്യുന്ന ജോലി ഉപജീവനമാർഗ്ഗമാക്കിയി ട്ടുള്ള തൊഴിലാളികളുടെ ജോലി സാധ്യത ഇല്ലാതാക്കുന്നു. കൂടാതെ പ്രസ്തുത ആക്റ്റിലെ 11 (4)-ാം വകുപ്പ് പ്രകാരം യാതൊരു പരാതിയും ഇല്ലാതെ തന്നെ പോലീസ് നേരിട്ട് തൊഴിൽ പ്രശ്നങ്ങളിൽ ഇടപെടാൻ കഴിയും. മേൽപ്പറഞ്ഞ ആക്റ്റ് നിയമസഭ പാസ്സാക്കിയ ദിവസം തൊട്ട് പ്രതിഷേധങ്ങൾ ഉയർന്നിട്ടുള്ളതും പ്രസ്തുത ആക്റ്റ് പിൻവലിക്കുന്നതിനായി മേഖലയിലെ മുഖ്യതൊഴിലാളി സംഘടനകൾ ആവശ്യം ഉന്നയിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

2. 1978-ലെ കേരള ചുമട്ടു തൊഴിലാളി ആക്റ്റിൽ ചുമട്ടുതൊഴിലാളികളുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് വ്യവസ്ഥകൾ നിലവിലുണ്ട്. കയറ്റിറക്ക് മേഖലയിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും വേതനം ക്രമപ്പെടുത്തുന്നതിനും "ചുമട്ടുതൊഴിലാളി" എന്ന വാക്കിന്റെ നിർവ്വചനത്തിലും പ്രസ്തുത ആക്റ്റിന്റെ 9-ാം വകുപ്പിലും അനുയോജ്യമായ ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിക്കുന്നു. അതോടൊപ്പം തന്നെ 2002-ലെ കേരള കയറ്റിയിറക്ക് (കൂലി ക്രമപ്പെടു ത്തലും നിയമ വിരുദ്ധപ്രവർത്തനങ്ങൾ നിയന്ത്രിക്കലും) ആക്റ്റ് റദ്ദാക്കുന്നതിനും ഉദ്ദേശിക്കുന്നു.

3. ഈ ബിൽ, മേൽപ്പറഞ്ഞ ആവശ്യത്തിനായി 1978-ലെ കേരള ചുമട്ടു തൊഴിലാളി ആക്റ്റ് ഭേദഗതി ചെയ്യുവാനും 2002-ലെ കേരള കയറ്റിറക്ക് (കൂലി ക്രമപ്പെടുത്തലും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കലും) ആക്റ്റ് റദ്ദാക്കുന്ന തിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

പി. കെ. ഗുരുദാസൻ

(ശരിത്തർജ്ജമ)

## 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1980-ലെ 20)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "പ്രായപൂർത്തി ആകാത്ത ആൾ" എന്നാൽ പതിനഞ്ച് വയസ് പൂർത്തിയായിട്ടുള്ളതും എന്നാൽ പതിനെട്ട് വയസ് പൂർത്തിയായിട്ടില്ലാത്തതുമായ ഒരാൾ എന്നർത്ഥമാകുന്നു ;

** ** ** **

(ജി) ഒരു സ്ഥാപനത്തെ സംബന്ധിച്ച് "കോൺട്രാക്റ്റർ"എന്നാൽ ഏതു വ്യക്തിയാണോ ചുമട്ടുതൊഴിലാളികളെ കൂലിക്കോ അഥവാ മറ്റു വിധത്തിലോ പണിക്കേർപ്പെടുത്തിക്കൊണ്ട് അങ്ങനെയുള്ള സ്ഥാപനത്തിന്റെ ഏതെങ്കിലും ജോലി ഏറ്റെടുക്കുകയോ അഥവാ അങ്ങനെയുള്ള സ്ഥാപനത്തിൽ അവരെ പണിക്കേർപ്പെടുത്തുന്ന ആവശ്യത്തിനുവേണ്ടി വ്യക്തികളായോ അഥവാ സംഘങ്ങളായോ ചുമട്ടുതൊഴിലാളികളെ എത്തിച്ചുകൊടുക്കുകയോ ചെയ്യുന്നത് ആ വ്യക്തി എന്നർത്ഥമാകുന്നതും അതിൽ ഒരു സബ് കോൺട്രാക്റ്ററും ദല്ലാളും ഉൾപ്പെടുന്നതും ആകുന്നു ;

** ** ** **

(ഐ) "തൊഴിലുടമ" എന്നാൽ,—

(i) ഒരു കോൺട്രാക്റ്ററോ, കോൺട്രാക്റ്റർ മുഖേനയോ ഏർപ്പെടുത്തിയ ഒരു ചുമട്ടുതൊഴിലാളിയെ സംബന്ധിച്ച് മുഖ്യ തൊഴിലുടമ എന്നും ;

(ii) ഏതെങ്കിലും തൊഴിലുടമയോ കോൺട്രാക്റ്ററോ, ഏർപ്പെടുത്താത്ത ഒരു ചുമട്ടുതൊഴിലാളിയെ സംബന്ധിച്ച് 18-ാം വകുപ്പുപ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു കമ്മിറ്റി എന്നും ;

** ** ** **

(എം) "ചുമട്ടുതൊഴിലാളി" എന്നാൽ ഒരു സ്ഥാപനത്തിലോ സ്ഥാപനത്തിനുവേണ്ടിയോ, കൂലിക്കോ അല്ലാതെയോ, ഒരു വാഹനത്തിലോ വാഹനത്തിൽ നിന്നോ, വാഹനത്തിലേക്കോ അഥവാ അങ്ങനെയുള്ള സ്ഥാപനത്തിലെ ഏതെങ്കിലും സ്ഥലത്തോ സ്ഥലത്തുനിന്നോ സ്ഥലത്തേക്കോ ഏതെങ്കിലും സാധനമോ സാധനങ്ങളോ കയറ്റുകയോ ഇറക്കുകയോ, അഥവാ തലച്ചുമടായോ ശരീരം കൊണ്ടോ, ട്രോളി ഉപയോഗിച്ചോ കൊണ്ടുപോവുകയോ ചെയ്യുന്നതിനായി, നേരിട്ടോ ഒരു കോൺട്രാക്റ്റർ മുഖേനയോ ജോലിക്ക് ഏർപ്പെടുത്തിയിട്ടുള്ള ആൾ എന്നർത്ഥമാകുന്നതും ഏതെങ്കിലും തൊഴിലുടമയോ കോൺട്രാക്റ്ററോ ഏർപ്പെടുത്താത്തതും എന്നാൽ ഏതെങ്കിലും സാധനമോ

സാധനങ്ങളോ കയറ്റുകയോ ഇറക്കുകയോ അഥവാ തലച്ചുമടായോ ശരീരം കൊണ്ടോ, ട്രോളി ഉപയോഗിച്ചോ കൊണ്ടുപോകുന്നതിന് ശമ്പളത്തിനായി ഏർപ്പെടുത്തിയിട്ടുള്ളതുമായ ചുമട്ടുതൊഴിലാളിയും ഉൾപ്പെടുന്നതും എന്നാൽ അതിൽ വീട്ടാവശ്യത്തിനായി ഒരു വ്യക്തി ഏർപ്പെടുത്തുന്ന ഒരാൾ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു ;

** ** ** **

9. ചുമട്ടുതൊഴിലാളികൾക്ക് നൽകേണ്ട വേതനം.—ഏതൊരു തൊഴിലുടമയും അയാൾ ജോലിക്കേർപ്പെടുത്തുന്ന ഏതെങ്കിലും ചുമട്ടുതൊഴിലാളിക്ക് നിർണ്ണയിക്കപ്പെടാവുന്ന വേതനം നൽകേണ്ടതും, വ്യത്യസ്ത സ്ഥാപനങ്ങൾക്കും വ്യത്യസ്ത തരം ജോലികൾക്കും വ്യത്യസ്ത വേതനം നിർണ്ണയിക്കാവുന്നതും ആകുന്നു.

** ** ** **